**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3144** **07-10-2025 - ൽ മറുപടിയ്ക്ക്**

**മംഗലം ഡാം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ-തരൂർ നിയോജക മണ്ഡലങ്ങൾ പങ്കുവയ്ക്കുന്ന മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | ആലത്തൂർ-തരൂർ മണ്ഡലങ്ങൾ പങ്കുവെക്കുന്ന മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ ഭാഗമായി 9 പ്രവൃത്തികളാണ് നടന്നു വരുന്നത്. പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്കുള്ള ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>വടക്കാഞ്ചേരി പഞ്ചായത്തിൽ 277.65 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 199.65 കി.മീ പൈപ്പ്ലൈൻ സ്ഥാപിച്ചു.<br>വണ്ടാഴി പഞ്ചായത്തിൽ 174.43 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 146 കി.മീ പൈപ്പ്ലൈൻ സ്ഥാപിച്ചു.<br>കിഴക്കഞ്ചേരി പഞ്ചായത്തിൽ 232.76 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 136 കി.മീ പൈപ്പ്ലൈൻ സ്ഥാപിച്ചു.<br><br>കണ്ണമ്പ്ര പഞ്ചായത്തിൽ 97.65 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 29 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | പുരോഗതി |
|---|---|---|
| 1 | സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ മംഗലംഡാം സ്രോതസ്സ് ആക്കി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കാഞ്ചേരി, കണ്ണമ്പ്ര, പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി-24.5 MLD ശുദ്ധീകരണശാല, 24.5 ലക്ഷം ലിറ്റർസംഭരണ ശേഷിയുള്ള ടാങ്ക് നിർമ്മാണം, പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 24.5 MLD ശുദ്ധീകരണശാല- പ്രവൃത്തികൾ നടന്നുവരുന്നു.<br><br>24.5 ലക്ഷം ലിറ്റർസംഭരണ ശേഷിയുള്ള ടാങ്ക്- പ്രവൃത്തികൾ നടന്നുവരുന്നു. 83% പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | കിഫ്ബി-വണ്ടാഴി കിഴക്കഞ്ചേരി വടക്കാഞ്ചേരി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി-ഫേസ് 2-പാക്കേജ് 1 -വടക്കാഞ്ചേരി പഞ്ചായത്തിൽ കരിംകുന്നത് 22 ലക്ഷംലിറ്റർസംഭരണ ശേഷിയുള്ള ടാങ്ക് നിർമ്മാണം, ക്ലിയർ വാട്ടർ, പമ്പിങ് മെയിൻ,പമ്പ് സെറ്റ് സ്ഥാപിക്കൽ | 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തിയുടെ നിർമ്മാണം - 95% പൂർത്തീകരിച്ചു.<br><br>15 കി.മീ ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കാനുള്ളതിൽ 14.81 കി.മീ സ്ഥാപിച്ചു. 91% പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | കിഫ്ബി- വണ്ടാഴി കിഴക്കഞ്ചേരി വടക്കാഞ്ചേരി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി-ഫേസ് 2-പാക്കേജ് 1-പാർട്ട് 2- 22 ലക്ഷം ലിറ്റർസംഭരണ ശേഷിയുള്ള വാട്ടർടാങ്കിൽ നിന്നും വിതരണശൃംഖല സ്ഥാപിക്കൽ | 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർടാങ്കിൽ നിന്നും വിതരണശൃംഖല- 167 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 113.65 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു.<br><br>നാഷണൽ ഹൈവേ ആതോറിറ്റിയുടെ അനുമതി കിട്ടാത്തതുകാരണം പ്രവർത്തി കരാറുകാരൻ കോടതി ഉത്തരവ് പ്രകാരം പ്രവൃത്തിയിൽ നിന്നും പിന്മാറി. മിച്ചമുള്ള പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. 72% പ്രവൃത്തി പൂർത്തീകരിച്ചു (work foreclosed) |
| 4 | കിഫ്ബി - വണ്ടാഴി കിഴക്കഞ്ചേരി വടക്കാഞ്ചേരി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി -ഫേസ് 2-പാക്കേജ് 1-പാർട്ട് 1-കണ്ണമ്പ്ര പഞ്ചായത്തിൽ (LL) പ്രദേശങ്ങളിൽ വിതരണശൃംഖല സ്ഥാപിക്കുകയും മറ്റ് അനുബന്ധ ഘടകങ്ങളും പ്രവർത്തി | കണ്ണമ്പ്ര പഞ്ചായത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവർത്തിയിൽ പൈപ്പുകൾ സപ്ലൈ ചെയ്യുകയും 34Km പൈപ്പ് ലൈനിൽ 4Km പൈപ്പ് ലൈൻ സ്ഥാപിച്ചു. 10 % പ്രവൃത്തി പൂർത്തീകരിച്ചു |

| | | |
|---|---|---|
| 5 | കിഫ്ബി _ വണ്ടാഴി കിഴക്കഞ്ചേരി വടക്കാഞ്ചേരി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി -ഫേസ് 2-പാക്കേജ് 3- -24.5 ലക്ഷം ലിറ്റർസംഭരണ ശേഷിയുള്ള വാട്ടർടാങ്കിൽ നിന്നും വണ്ടാഴി (LL) സോനിൽ വിതരണശൃംഖല സ്ഥാപിക്കൽ | 24.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർടാങ്കിൽ നിന്നും വിതരണശൃംഖല- വണ്ടാഴി താഴ്ന്ന പ്രദേശങ്ങളിൽ വിതരണശൃംഖല സ്ഥാപിക്കൽ 120Km പൈപ്പ് ലൈനിൽ 113.53Km പൈപ്പ് ലൈൻ സ്ഥാപിച്ചു. 86% പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | കിഫ്ബി _ വണ്ടാഴി കിഴക്കഞ്ചേരി വടക്കാഞ്ചേരി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി -ഫേസ് 2-പാർട്ട് 2- 22 ലക്ഷം ലിറ്റർസംഭരണ ശേഷിയുള്ള വാട്ടർടാങ്കിൽ നിന്നും വിതരണശൃംഖല സ്ഥാപിക്കൽ-NH544 പൈപ്പ് ലൈൻ സ്ഥാപിക്കൽ (ബാലൻസ് പ്രവർത്തി) | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 7 | ജൽ ജീവൻ മിഷൻ-കിഴക്കഞ്ചേരി പഞ്ചായത്തിൽ വിതരണ ശൃംഖലസ്ഥാപിക്കുകയും 4000 ഗാർഹിക കണക്ഷൻകൊടുക്കുന്ന പ്രവർത്തി | 84% പൂർത്തീകരിച്ചു.<br><br>24.5 ലക്ഷം ലിറ്റർസംഭരണ ശേഷിയുള്ള വാട്ടർടാങ്കിൽ നിന്നും വിതരണശൃംഖല- കിഴക്കഞ്ചേരിപഞ്ചായത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ വിതരണശൃംഖല സ്ഥാപിക്കൽ 126.50 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 116 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു. |
| 8 | ജൽ ജീവൻ മിഷൻ വണ്ടാഴി കിഴക്കഞ്ചേരി വടക്കാഞ്ചേരി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി- കവളപ്പാറയിൽ 14 ലക്ഷം ലിറ്റർസംഭരണശേഷിയുള്ള ടാങ്ക് നിർമ്മാണം, പാലക്കുഴിയിൽ 12 ലക്ഷംലിറ്റർസംഭരണശേഷിയുള്ള ടാങ്ക് നിർമ്മാണം ക്ലിയർ വാട്ടർപമ്പിങ് മെയിൻ, മംഗലംഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ്ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, വണ്ടാഴി കിഴക്കഞ്ചേരി കണ്ണമ്പ്ര പഞ്ചായത്തിൽ 279 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിക്കുകയും 8712 ഗാർഹികകണക്ഷൻ കൊടുക്കുന്ന പ്രവർത്തി | 20% പൂർത്തീകരിച്ചു.<br><br>വണ്ടാഴി കിഴക്കഞ്ചേരി വടക്കാഞ്ചേരി എന്നി പഞ്ചായത്തുകളിൽ ഉയർന്ന പ്രദേശങ്ങളിൽ വിതരണശൃംഖല സ്ഥാപിക്കൽ 279 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 110 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു.<br><br>കവളപ്പാറയിൽ 14 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മാണം, പാലക്കുഴിയിൽ 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മാണം-നിർമ്മാണത്തിൻറെ പ്രാരംഭ നടപടികൾ നടന്നു വരുന്നു. |

| | | |
|---|---|---|
| 9 | ജൽ ജീവൻ മിഷൻ- വടക്കാഞ്ചേരി പഞ്ചായത്തിൽ വിതരണ ശൃംഖലസ്ഥാപിക്കുകയും 6480 ഗാർഹികകണക്ഷൻ കൊടുക്കുന്ന പ്രവർത്തി | പ്രവർത്തി പൂർത്തീകരിച്ചു. |
| 10 | ജൽ ജീവൻ മിഷൻ-വണ്ടാഴി പഞ്ചായത്തിൽ വിതരണശൃംഖലസ്ഥാപിക്കുകയും 6055 ഗാർഹിക കണക്ഷൻകൊടുക്കുന്ന പ്രവർത്തി | 75% പൂർത്തീകരിച്ചു.<br><br>24.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർടാങ്കിൽ നിന്നും വിതരണശൃംഖല- വണ്ടാഴി പഞ്ചായത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ വിതരണശൃംഖല സ്ഥാപിക്കൽ 8 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 6.618 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു. |